തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടില്ല. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010-2017 ജൂൺ വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 18276 പരിശോധനകൾ നടത്തുകയും 13 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി സംസ്ഥാനത്ത് അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-II) മാരെയും ജില്ല ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ ജില്ലാ കളക്ടറെ ചെയർമാനാക്കിയും ജില്ല ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യപ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനംമൂലവും ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു.

## ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും നടപടി

15 (*73) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളികളുടെ പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ഭരണകൂടങ്ങളുടെയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പരിശോധനകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) വിവിധ തൊഴിലുടമ-തൊഴിലാളി യൂണിയൻ സംഘടനകളുടെ സഹകരണത്തോടെയും ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയും ബാലവേലയ്ക്കെതിരെയുള്ള പ്രചരണ പരിപാടികൾ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010-2017 ജൂൺ വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ 18276 പരിശോധനകൾ നടത്തുകയും 13 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമമനുസരിച്ച് 14 വയസ്സിന് താഴെയുള്ള കുട്ടികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്കെതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും. കേരളത്തിൽ ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായാണ് തൊഴിൽ വകുപ്പ് വിലയിരുത്തിയിട്ടുള്ളത്.

(ബി&സി) ഉണ്ട്. അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും ജില്ലാ ലേബർ ഓഫീസിന്റെയും ചൈൽഡ് ലൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യപ്രവർത്തകരെയും പങ്കെടുപ്പിച്ചു കൊണ്ട് കുട്ടികളെ സംഘടിപ്പിച്ചുള്ള സെമിനാർ, ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സ് എന്നിവ നടത്തിവരുന്നു.

**പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

16 (*74) ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ഓടെ പാൽ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നമ്മുടെ ക്ഷീരവിപണിക്ക് വിദേശ വിപണിയിലേക്ക് കടന്നുകയറുവാൻ സാധിച്ചിട്ടുണ്ടോ; ഇതുമൂലം ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട പാൽ വില ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ധനസഹായത്തോടെ കുറഞ്ഞ പ്രീമിയം നിരക്കിൽ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്തുവെന്ന് അറിയിക്കുമോ;

(ഡി) റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ് (ആർ.സി.ഇ.പി.) ഉടമ്പടി യാഥാർത്ഥ്യമാകുമ്പോൾ നമ്മുടെ ആഭ്യന്തര പാൽ വിപണിയെ അത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly